LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ള വിതരണം-നൂതന സാങ്കേതിക വിദ്യ

188(2657) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ ഓസ്മോസിസ് പ്ലാന്റുകളോ മറ്റ് പുതിയ സാങ്കേതിക വിദ്യകളോ ഉപയോഗപ്പെടുത്തി കുടിവെള്ള വിതരണം നടത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്നും എന്ത് സാങ്കേതിക വിദ്യയാണ് ഉപയോഗപ്പെടുത്തിയതെന്നും ഇതിന് ആകെ എത്ര തുക ചെലവായിട്ടുണ്ടെന്നും ആവർത്തന ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ മാതൃകയിലാണോ ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ നഗരത്തിൽ കേരള ജല അതോറിറ്റിയുടെ കീഴിൽ 18 ആർ.ഒ. പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. റിവേഴ്സ് ഓസ്മോസിസ് സാങ്കേതിക വിദ്യയാണ് ഇതിലുപയോഗിച്ചിട്ടുള്ളത്. ഒരു പ്ലാന്റിന് ഏകദേശം 4.75 ലക്ഷം രൂപ ചെലവ് വരും. കൂടാതെ ഇതിന്റെ ആവർത്തന ചെലവുകൾക്കായി ഏകദേശം 1 മുതൽ 1.5 ലക്ഷം രൂപവരെ വേണ്ടിവരുന്നുണ്ട്.

(സി) നിലവിൽ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ മാതൃകയിലുള്ള പദ്ധതികളൊന്നും കേരള ജല അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല.

ധർമ്മടം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

189(2658) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധർമ്മടം നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെയും ജല അതോറിറ്റിയുടെയും കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ പൂർത്തീകരിച്ചതെന്നും ഏതൊക്കെ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

കേരള ജല അതോറിറ്റി :

അഞ്ചരക്കണ്ടിക്കും സമീപ പഞ്ചായത്തുകൾക്കും നബാർഡ് സഹായത്തോടെ പൂർത്തീകരിച്ച് 28-7-2012-ൽ കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതിയിൽ ധർമ്മടം മണ്ഡലത്തിലെ പെരളശ്ശേരി, മുഴപ്പിലങ്ങാട്, വേങ്ങാട്, ചെമ്പിലോട്, പിണറായി, കടമ്പൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടുന്നുണ്ട്. കൂടാതെ കണ്ണൂർ കുടിവെള്ള